15 -ാം കേരള നിയമസഭ

3 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 333 — 28-10-2021 - ൽ മറുപടിയ്ക്ക്

## വിറ്റഴിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഏറ്റെടുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ഭെൽ-എമെൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി പൂർത്തിയായോ; സമാന രീതിയിൽ ഏതെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയാണ് സംസ്ഥാനം ഏറ്റെടുക്കുകയോ ഏറ്റെടുക്കാൻ ശ്രമം നടത്തുകയോ ചെയ്യുന്നതെന്ന് അറിയിക്കാമോ; | (എ) | കാസർഗോഡ് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഭെൽ ഇ എം എല്ലിന്റെ 51% ഓഹരി വാങ്ങി ടി സ്ഥാപനത്തെ ഏറ്റെടുക്കുവാൻ 07 / 09 / 2019 ലെ സ.ഉ.(കൈ)78 / 2019 / വ്യവ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ തീരുമാനിക്കുകയും 28/07/2021 ൽ ഇതുമായി ബന്ധപ്പെട്ട എഗ്രിമെന്റ് ഫോർ സെയിൽ ഒപ്പുവച്ചതിലൂടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാവുകയും ചെയ്തു. കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന വെള്ളൂരിലെ ഹിന്ദു-സ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ (HNL) ഏറ്റെടുക്കൽ നടപടികൾ പൂർത്തി-യായിട്ടുണ്ട്. പാലക്കാട്ടെ ഇൻസ്ട്രു-മെന്റേഷൻ ലിമിറ്റഡ് കേരള സർക്കാർ ഏറ്റടുക്കുന്നതിന്റെ ഭാഗമായി ചെയ്തു തീർക്കേണ്ട നടപടികൾ പൂർത്തിയാക്കി-യെങ്കിലും കേരള സർക്കാർ സൗജന്യമായി നൽകിയ 123.12 ഏക്കർ ഭൂമിയുടെ വില കൂടി നൽകണമെന്ന കേന്ദ്രസർക്കാരിന്റെ പുതിയ നിർദ്ദേശം കാരണം ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോവുകയാണ്. |
| (ബി) | കൊച്ചിൻ റിഫൈനറി ഉൾപ്പെടെ രാജ്യത്തെ ഏറ്റവും വലിയ എണ്ണ കമ്പനിയായ മഹാരത്ന പദവിയിലുള്ള ബി.പി.സി.എൽ. വിൽക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമം പെട്രോ കെമിക്കൽ പാർക്ക് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വ്യവസായങ്ങളെയും പാചകവാതക ഉപഭോക്താക്കളെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നീക്കത്തിൽ നിന്നും പിന്മാറാൻ കേന്ദ്ര സർക്കാരിനോട് വീണ്ടും ആവശ്യപ്പെടുന്ന കാര്യം പരിഗണിക്കുമോ; | (ബി) | രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിനെ ( ബി. പി. സി. എൽ ) കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കാൻ ഉദ്ദേശിക്കുന്ന കമ്പനികളുടെ പട്ടികയിൽ ഉൾപ്പെടു-ത്തിയിട്ടുണ്ട്. ബി .പി. സി. എൽ. നെയും അതിന്റെ തന്നെ ഭാഗമായ കൊച്ചി റിഫൈനറിയെയും സ്വകാര്യവത്കരി-ക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്ന ബഹു. മുഖ്യമന്ത്രിയുടെ 17/10/2019, 18/03/2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു. പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ |

| | | | |
|---|---|---|---|
| | | | വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചിൻ റിഫൈ-നറിയുടെ സ്വകാര്യവത്ക്കരണവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതു-മേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്ര സർക്കാർ അടിയന്തിരമായി പിന്മാറണ-മെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19 -ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയി-ട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (സി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി കാര്യക്ഷമമായി പ്രവർത്തി-പ്പിക്കത്തക്ക വിധത്തിൽ ശക്തിപ്പെടുത്തുന്ന നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തന-ങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾകൊണ്ടു കൊണ്ട് സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാ-കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനു-കളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും കമ്പനിയിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായങ്ങളും പരിഗണിച്ച് പുതുക്കിയ മാസ്റ്റർ പ്ലാനുകൾ സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ച് കഴിഞ്ഞാൽ അതിനെ അടിസ്ഥാനമാക്കി-യായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഉൽപ്പാദന സേവന |

സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ സർക്കാർ പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. ഇതിനായി പ്രത്യേക സാമ്പത്തിക സഹായം ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നുണ്ട്. പ്രവർത്തന മൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തി നൽകുന്ന-തിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തന-ങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ യോഗ്യത പുനർനിശ്ചയിച്ച് അതാത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് മുഖേന നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പൊതു-മേഖലാ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ നിയമനം സുതാര്യമായി നടത്തുന്നതിനായി പ്രത്യേകം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന നടപടികൾ അന്തിമ-ഘട്ടത്തിലാണ്. കൂടാതെ സ്ഥാപന മേധാവികളുടെ കാര്യശേഷി വികസി-പ്പിക്കുന്നതിനായി രാജ്യത്തെ മികച്ച മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടേതു പോലെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപ-നങ്ങൾക്കും വിവിധ പ്രവർത്തന ഘടകങ്ങളുടെയും പ്രവർത്തന മികവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെയും അടി-സ്ഥാനത്തിൽ വിവിധ കാറ്റഗറികളായി തിരിച്ച് കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതികൾ കൂടുതൽ സുതാര്യമായും സാങ്കേതിക മികവിലും സമയബന്ധിതമായും പൂർത്തിയാക്കു-ന്നതിന് സഹായകരമായ മാന-ദണ്ഡങ്ങളും അത് നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങളും സർക്കാരിന് സമർപ്പിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യകരമായ മത്സരക്ഷമത വളർത്തുന്നതിന്റെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന പൊതുമേഖലാ സ്ഥാപനത്തിനും സ്ഥാപന മേധാവിയ്ക്കും മികച്ച പൊതുമേഖലാ ജീവനക്കാരനും

| | | | |
|---|---|---|---|
| | | | അവാർഡ് ഏർപ്പെ-ടുത്തുന്നതിനുള്ള നിർദ്ദേശവും പരിഗണന-യിലുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ